പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 19 08.06.2015-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ നഷ്ടം നികത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് :<br>" കെ.എൻ.എ. ഖാദർ :<br>" അബ്ദുറഹിമാൻ രണ്ടത്താണി :<br>" കെ.എം. ഷാജി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പ്രവർത്തനത്തിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്നുണ്ടെങ്കിലും പ്രവർത്തന നഷ്ട പ്രവണത മാറ്റമില്ലാതെ തുടരുന്നതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ; | (എ) | 1965 ഏപ്രിൽ 1-ാം തീയതിയാണ് കെ.എസ്.ആർ.ടി.സി നിലവിൽ വന്നത്. 1984-ൽ കോർപ്പറേഷൻ എല്ലാ ജീവനക്കാർക്കും പെൻഷൻ ഏർപ്പെടുത്തുകയുണ്ടായി. കാലക്രമേണ വർദ്ധിച്ചു വന്ന പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായുള്ള തുക, കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കോർപ്പറേഷന് കണ്ടെത്താൻ കഴിയാഞ്ഞതിനാൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുക്കാൻ കോർപ്പറേഷൻ നിർബന്ധിതമായി. പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 50 കോടി രൂപയോളം ചിലവഴിക്കേണ്ടി വരുന്നതാണ് നഷ്ടമുണ്ടാക്കുന്നതിന്റെ ഒരു പ്രധാന കാരണം. കൂടാതെ സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ വിവിധ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നത് വഴിയുണ്ടാകുന്ന നഷ്ടമാണ് മറ്റൊരു പ്രധാന കാരണം. |
| (ബി) | കെ.റ്റി.ഡി.എഫ്.സി.യുമായി കെ.എസ്.ആർ.ടി.സി നടത്തുന്ന ഇടപാടുകൾ കെ.എസ്.ആർ.ടി.സി.ക്ക് ലാഭമാണോ നഷ്ടമാണോ ഉണ്ടാക്കുന്നതെന്ന കാര്യം | (ബി) | പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ പ്രതിമാസ വരുമാനത്തിൽ നിന്നും പെൻഷൻ വിതരണം നടത്തുന്നതിനായി തുക കണ്ടെത്താൻ കഴിയാത്തതിനാൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പ |

| | | | |
|---|---|---|---|
| | പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | ലഭ്യമാക്കിയായിരുന്നു വർഷങ്ങളായി കോർപ്പറേഷൻ പെൻഷൻ വിതരണം നടത്തിയിരുന്നത്. ഇതിനായി കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുക്കാൻ കോർപ്പറേഷൻ നിർബന്ധിതമാകുകയാണ് ഉണ്ടായത്. ഇത്തരത്തിൽ വർഷങ്ങളായി വായ്പയെടുത്ത ഇനത്തിൽ കോർപ്പറേഷൻ പ്രതിമാസം ശരാശരി 50 കോടിയോളം രൂപ തിരിച്ചടവ് നടത്തി വരികയാണ്. |
| (സി) | കെ.എസ്.ആർ.ടി.സി ക്ക് നഷ്ടം വരുത്തി വയ്ക്കുന്ന മേഖലകൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം വരുത്തി വയ്ക്കുന്ന മേഖലകൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കർശന നിലപാട് സ്വീകരിച്ച് വരികയാണ്. കെ.എസ്.ആർ.ടി.സി.യെ വരവ് ചെലവ് അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരികയുമാണ്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്ത വായ്പാ തിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd എന്ന സ്ഥാപനത്തെ ഉപദേശകസ്ഥാപനമായി കെ.എസ്.ആർ.ടി.സി നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 |

| | | | |
|---|---|---|---|
| | | | ബാങ്കുകൾക്ക് ഗവൺമെന്റ് ഗ്യാരന്റി നൽകിടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നടപടി സ്വീകരിച്ചു വരുന്നു. വായ്പാ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനർ ക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുവാനും നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുവാനും ഇതിനുപുറമേ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനി മുതൽ കൂടുതൽ കൺസഷനുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ